**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** **15-03-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ വഖഫ് ബോർഡിന് എവിടെയെല്ലാമാണ് ഓഫീസുകൾ പ്രവർത്തിക്കുന്നതെന്നും ഇവ ഓരോന്നിനും മാസവാടക എത്രയാണെന്നും അറിയിക്കുമോ; | (എ) | കേരളത്തിൽ പ്രവർത്തിക്കുന്ന വഖഫ് ബോർഡ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അവയുടെ വാടക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആവശ്യമായ സ്ഥലങ്ങളിൽ സ്വന്തം ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കോഴിക്കോട് ഡിവിഷണൽ ഓഫീസിനു വേണ്ടി കസബ വില്ലേജിലെ സർവ്വെ നമ്പർ 21/6 ൽ പെട്ട 25 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും ആയതിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ വഖ്ഫ് ബോർഡ് ആരംഭിച്ചിട്ടുമുണ്ട്. ശേഷിച്ചവയ്ക്ക് സ്ഥലം/ ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (സി) | വഖഫ് ബോർഡിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താൽക്കാലിക ജീവനക്കാരുമുണ്ടെന്ന് അറിയിക്കുമോ; | (സി) | കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിൽ നിലവിൽ 29 സ്ഥിരം ജീവനക്കാരും 91 താൽക്കാലിക ജീവനക്കാരും ജോലി ചെയ്തു വരുന്നു. |
| (ഡി) | ജീവനക്കാർ മുസ്ലീങ്ങൾ മാത്രമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി നിയമനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. വഖഫ് ബോർഡിൽ ദൈനം ദിന ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 4 സ്വീപ്പർമാർ അമുസ്ലീങ്ങളാണ്. അതൊഴിച്ചാൽ വഖഫ് റെഗുലേഷൻസ് പ്രകാരമുള്ള വഖഫ് ബോർഡ് തസ്തികകളിൽ ജോലി ചെയ്തു വരുന്നത് മുസ്ലീം ജീവനക്കാർ മാത്രമാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**കേരളത്തിൽ പ്രവർത്തിക്കുന്ന വഖഫ് ബോർഡ്് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അവയുടെ വാടക സംബന്ധിച്ച വിവരങ്ങളും**

| ക്രമ നമ്പർ | ഡിവിഷണൽ ഓഫീസ് | വാടക |
|---|---|---|
| 1 | തിരുവനന്തപുരം | 20837.00 |
| 2 | കോട്ടയം | 27011.00 |
| 3 | തൃശ്ശൂർ | 27600.00 |
| 4 | മലപ്പുറം | 25751.00 |
| 5 | കോഴിക്കോട് | 25000.00 |
| 6 | കണ്ണൂർ | 27957.00 |
| 7 | എക്സ്റ്റൻഷൻ കൗണ്ടർ കാസർഗോഡ് | 20837.00 |